(ഇ) വനനശീകരണം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വനാതിർത്തി അളന്നുതിരിച്ച് ജണ്ടകൾ നിർമ്മിക്കുക.
2. സീറ്റ്, സെക്ഷൻ സമ്പ്രദായം പുനഃസംഘടിപ്പിച്ച് ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം മെച്ചപ്പെടുത്തുക.
3. വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക.
4. പൊതുജനങ്ങളെ വനസംരക്ഷണ കാര്യത്തിൽ ബോധവൽക്കരിക്കുക.
5. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം കർശനമായി പാലിക്കുക.
6. വന നിയമങ്ങൾ ഫലപ്രദമായി പ്രയോഗിക്കാൻ ഉതകുമാറ് ഭേദഗതി വരുത്താനുള്ള നടപടികൾ എടുക്കുക.
7. വനം കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുക.
8. കുറ്റങ്ങളെക്കുറിച്ച് അറിവു നൽകുന്നവർക്ക് റിവാർഡ് നൽകുക.
9. സംരക്ഷണ സേനയ്ക്ക് കൂടുതൽ ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകുക.
10. ജനപങ്കാളിത്തത്തോടെ വനസംരക്ഷണം ഉറപ്പുവരുത്തുക.

വനവൽക്കരണം പരിപോഷിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രധാന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. കോംപൻസേറ്ററി അഫോർസ്റ്റേഷൻ
2. കേരളാ ഫോറസ്ട്രി പ്രോജക്ട്.
3. പശ്ചിമഘട്ട വികസന പദ്ധതി.

കൃഷി വിപണന വികസന പദ്ധതി

21 (*528) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കൃഷി വിപണന വികസന പദ്ധതിയുടെ ഉദ്ദേശ-ലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ കാർഷിക ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനും വിപണന ശൃംഖലകൾ വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രാപ്തരാക്കാൻ പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം എന്തുതുക ചെലവഴിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത നിലനിർത്താനുള്ള ഫണ്ടിന്റെ ഉപയോഗം, പ്രാഥമിക സംസ്കരണത്തിന് കർഷർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മാർക്കറ്റ് എക്സ്റ്റൻഷൻ എന്നീ പദ്ധതികളുടെ നടത്തിപ്പ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാർഷിക മൊത്ത വ്യാപാര വിപണികൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നത് മുഖാന്തിരം വിപണനം മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(ബി & സി) വിപണിയുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ.

(ഡി) വിശദമായ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) 4 കോടി രൂപാ ചെലവാക്കി.

(എഫ്) കേരള കാർഷിക വിപണന പ്രോജക്ടിന്റെ കീഴിൽ ഉണ്ടാക്കിയ സംസ്ഥാനതല ഉപദേശക കമ്മിറ്റി ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ

22 (*529) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തുക മിസ്സിംഗ് ക്രെഡിറ്റിൽ പോകുന്നതുമൂലം ജീവനക്കാർക്ക് നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് സംസ്ഥാന ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിലേയ്ക്കടയ്ക്കപ്പെട്ട എന്തു തുക മിസ്സിംഗ് ക്രെഡിറ്റിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ : എങ്കിൽ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly